**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5379 — 31.10.2016 ൽ മറുപടിക്ക്

**നിലമ്പൂർ മണ്ഡലത്തിലെ ആശുപത്രികൾ**

| ചോദ്യം<br><br>ശ്രീ.പി.വി. അൻവർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | നിലമ്പൂർ മണ്ഡലത്തിലെ ജില്ലാ ആശുപത്രി, പി.എച്ച്.സി., സി.എച്ച്.സി. ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ സ്റ്റാഫുകളുടെ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒഴിവ് നികത്താൻ നടപടി സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇടക്കര, വഴിക്കടവ്, മൂത്തേടം എന്നീ പി.എച്ച്.സി, ചുങ്കത്തറ, സി.എച്ച്.സി നിലമ്പൂർ ജില്ലാ ആശുപത്രി എന്നിവയാണ് നിലമ്പൂർ മണ്ഡലത്തിലെ ആശുപത്രികൾ.<br>ഇവയിൽ പി.എച്ച്.സി ഇടക്കര, സി.എച്ച്.സി ചുങ്കത്തറ എന്നിവയിൽ ഒഴിവുകൾ നിലവിലില്ല. പി.എച്ച്.സി വഴിക്കടവ് (മുണ്ട)ൽ ലാബ് ടെക്നീഷ്യൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, ഹോസ്പിറ്റൽ അറ്റൻഡന്റ് എന്നീ ഒഴിവുകളും പി.എച്ച്.സി മൂത്തേടത്തിൽ ഹെൽത്ത് ഇൻസ്പെക്ടറുടെ ഒഴിവും നിലവിലുണ്ട്. ജില്ലാ ആശുപത്രിയിൽ ഡോക്ടർമാരുടെ 5 ഒഴിവുകൾ നിലവിലുണ്ട്. കൂടാതെ ഫാർമസിസ്റ്റ്-1, ലാബ് ടെക്നീഷ്യൻ-1, മെഡിക്കൽ റെക്കോഡ്സ് ലൈബ്രേറിയൻ-1, ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II-15 എന്നീ ഒഴിവുകളും നിലവിലുണ്ട്.<br>ആയതിൽ സി.എം.ഒ തസ്തികയിലെ ഒഴിവ് പുതുതായി പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന മുറയ്ക്കും കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ പ്രമോഷൻ മുഖേനയും, ജൂനിയർ കൺസൾട്ടന്റ് അനസ്തേഷ്യ ഒഴിവ് സ്പെഷ്യാലിറ്റി യോഗ്യതയുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ചും നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു. മറ്റ് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. |
| (ബി) | നിലമ്പൂർ മണ്ഡലത്തിലെ മുണ്ട പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഇപ്പോൾ കിടത്തി ചികിത്സ ഇല്ല എന്നതും രാത്രി തുറന്ന് പ്രവർത്തിക്കുന്നില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നടപടി സ്വീകരിക്കുമോ; | (ബി) | വഴിക്കടവ് (മുണ്ട) പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിലവിൽ കിടത്തി ചികിത്സാസൗകര്യം ലഭ്യമാണ്. 01.09.2016 മുതൽ 18.10.2016 വരെ ഡോക്ടറുടേയും സ്റ്റാഫിന്റെയും അഭാവം മൂലം കിടത്തി ചികിത്സാ സൗകര്യം തടസ്സപ്പെട്ടിരുന്നുവെങ്കിലും 19.10.2016 മുതൽ ജീവനക്കാരുടെ സേവനം ലഭ്യമായതിനെ തുടർന്ന് കിടത്തി ചികിത്സാ സൗകര്യം പുനരാരംഭിച്ചിട്ടുണ്ട്. ഐ.പി.വിഭാഗം പ്രവർത്തിക്കുന്നതിനാൽ രാത്രി സമയത്തും ആശുപത്രിയെ ആശ്രയിക്കുന്ന രോഗികൾക്കും ചികിത്സാ സഹായം ലഭ്യമാകുന്നു. |
| (സി) | പ്രസ്തുത മണ്ഡലത്തിലെ കൗക്കാട് ആയുവേദ ആശുപത്രിയുടെ ടെണ്ടർ നടപടി പൂർത്തിയായോ; ആവശ്യമായ തസ്തികകൾ ഉടനെ അനുവദിക്കുമോ; വിശദമാക്കുമോ? | (സി) | 18.07.2016 ലെ സ.ഉ.(സാധാ)നം.343/16/ആ.ക.വ പ്രകാരം എടക്കര ഗ്രാമപഞ്ചായത്തിലെ കക്കാട് ഗവ.ആയുർവേദ ഡിസ്പെൻസറിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ അതിലേക്ക് അധിക തസ്തികകൾ അനുവദനീയമല്ലാത്തതാണ് എന്ന് മേൽ ഉത്തരവിൽത്തന്നെ വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ